10 ആയി പരിഗണിക്കുകയും വാഹന നമ്പർ കാണിക്കാത്തതിനാൽ താഴെ പറയുന്ന തീരുമാനം എടുക്കുകയുണ്ടായി.

"Heard. No ready vehicle produced പ്രസ്തുത അപേക്ഷകൾ കെ.ആർ.എൻ. 3691 എന്ന വാഹനം പ്രസ്തുത റൂട്ടിൽ ഓടിക്കുവാൻ തയ്യാറാണെന്ന് അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 26-11-1997-ൽ ഐറ്റം നമ്പർ 33 ആയി കൊല്ലം ആർ.ടി.എ. ഈ വിഷയം വീണ്ടും പരിഗണിക്കുകയും ചെയ്തു. അന്ന് ആർ.ടി.എ. കൈക്കൊണ്ട തീരുമാനം താഴെ കാണുംവിധമാണ്.

"Heard. No Ready vehicle produced Route touches more than two intermediate points on the notified scheme, Thiruvananthapuram, Kottayam (via) Punalur. Therefore, the permit is rejected".

(സി) പെർമിറ്റിനുള്ള അപേക്ഷ നിഷേധിച്ച കൊല്ലം ആർ.ടി.എ.യുടെ ഉത്തരവിനെതിരായി പ്രസ്തുത വാഹന ഉടമയ്ക്ക് ഗവൺമെന്റിൽ അപ്പീൽ നൽകാൻ വകുപ്പില്ല. എന്നാൽ ആർ.ടി.എ.യുടെ ഉത്തരവിനെതിരായി വാഹന ഉടമ എറണാകുളം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബുണൽ മുമ്പാകെ എം.വി.എ.എ.നമ്പർ 1/98 ആയി അപ്പീൽ നൽകിയിരുന്നു. പ്രസ്തുത അപ്പീലിൽ മേൽ എസ്.റ്റി.എ.റ്റി. വാഹന ഉടമയ്ക്ക് പെർമിറ്റ് നൽകുവാൻ 26-5-98-ൽ ഉത്തരവിടുകയായിരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ)&(എഫ്) ബാധകമല്ല.

80 (368) കോഴിക്കോട് നഗരത്തിൽ കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസ്

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ സിറ്റി സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) സർവ്വീസ് നടത്തുന്നില്ലെങ്കിൽ നഗരത്തിൽ സിറ്റി സർവ്വീസ് ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കോഴിക്കോട്-മെഡിക്കൽ കോളേജ് റൂട്ടിൽ സിറ്റി സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് നഗരത്തിൽ ദേശസാൽകൃത റൂട്ടായ വയനാട് റൂട്ടിൽ കുന്നമംഗലംവരെ കെ.എസ്.ആർ.ടി.സി. 4 സിറ്റി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബസുകളുടെ അപര്യാപ്തതമൂലം തൽക്കാലം കഴിയുന്നില്ല.

81 (369) മാവൂർ - കോഴിക്കോട് റൂട്ടിലെ ചെയിൻ സർവ്വീസ്

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മാവൂർ-കോഴിക്കോട് റൂട്ടിൽ കെ.എസ്.ആർ.ടി.സി.യുടെ 4 ബസുകൾ ചെയിൻ സർവ്വീസ് ആയി ഓടിയിരുന്നതിൽ ഇപ്പോൾ എത്ര ബസുകൾ ഓടുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബസുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ, നിർത്തലാക്കിയ ബസുകൾ സർവ്വീസ് നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബസുകളുടെ അപര്യാപ്തതമൂലം പൂർണ്ണമായും ദേശസാൽകൃതമായ മേഖലകളിൽ സർവ്വീസ് നടത്തുന്നതിനുവേണ്ടി വരുമാനം കുറവുള്ളതും ദേശസാൽകൃത മേഖലയല്ലാത്ത റൂട്ടുകളിലുള്ളതുമായ സർവ്വീസുകൾ നിർത്തിവയ്ക്കേണ്ടിവന്നു.

(ബി) ബസുകളുടെ കുറവുമൂലം തൽക്കാലം നിർവാഹമില്ല.

82 (370) ഡ്രൈവർമാരുടെ ഒഴിവുകൾ

ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി കെ.എസ്.ആർ.ടി.സി.യിൽ എത്ര ഡ്രൈവർമാരുടെ ഒഴിവുകളാണ് നിലവിൽ ഉള്ളത്; ജില്ല തിരിച്ചുള്ള കണക്കു നൽകുമോ;

(ബി) ഇപ്പോൾ ദിവസ വേതനാടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും എത്ര ഡ്രൈവർമാർ സംസ്ഥാനത്തെ വിവിധ ഡിപ്പോകളിലായി ജോലിനോക്കി വരുന്നുണ്ടെന്ന് വിശദ വിവരം നൽകുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച ഡ്രൈവർമാർക്ക് സ്ഥിരം ജീവനക്കാർക്ക് നൽകുന്ന സർവ്വീസ് ആനുകൂല്യങ്ങൾ നൽകണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

ഉത്തരം

(എ) വിവിധ ജില്ലകളിലായി കെ.എസ്.ആർ.ടി.സി.യിൽ 6380 ഡ്രൈവർമാരുടെ ഒഴിവുകളുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	-	2692
കൊല്ലം	-	673
പത്തനംതിട്ട	-	234
ആലപ്പുഴ	-	543
കോട്ടയം	-	324
ഇടുക്കി	-	73
എറണാകുളം	-	334
തൃശ്ശൂർ	-	263
പാലക്കാട്	-	196
മലപ്പുറം	-	96
കോഴിക്കോട്	-	174
വയനാട്	-	240

LIBRARY ARCHIVES, Kerala Legislative Assembly